# പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## പന്ത്രണ്ടാമത് റിപ്പോർട്ട്

**(വെള്ളായണി കായൽ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)**

(2018 ഏപ്രിൽ 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## പന്ത്രണ്ടാമത് റിപ്പോർട്ട്

**(വെള്ളായണി കായൽ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)**

(2018 ഏപ്രിൽ 3 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

767/2018.

## ഉള്ളടക്കം

പേജ്


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| സമിതിയുടെ ശിപാർശകൾ | .. | 4 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മുല്ലക്കര രത്നാകരൻ.

<u>അംഗങ്ങൾ</u>:

ശ്രീ. അനിൽ അക്കര

ശ്രീ. പി.വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ.റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

# ആമുഖം

ജീവജാലങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഘടകങ്ങളിൽ ഒന്നായ ജലസ്രോതസ്സുകൾ പ്രകൃതിയുടെ ജീവനാഡികളാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വൈവിദ്ധ്യമാർന്ന ജലാശയങ്ങളുടെ നാടാണ് കേരളം. പ്രകൃതിയുടെ വരദാനമായ ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കി സംരക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും മനുഷ്യരാശിയുടെ അതിപ്രധാന കർത്തവ്യങ്ങളിലൊന്നാണ്. തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള സ്രോതസ്സുകളിലൊന്നായ വെള്ളായണി കായൽ ഇന്ന് ഗുരുതരമായ മലിനീകരണ ഭീഷണിയിലാണ്. വെള്ളായണി കായൽ പ്രധാനമായും കൈത്തോടുകളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കായലിലേക്ക് ജലം എത്തിച്ചേരേണ്ട പ്രദേശങ്ങൾ ഭൂരിഭാഗവും മണ്ണിട്ടു നികത്തിക്കഴിഞ്ഞതിനാൽ കായലിലേക്കുള്ള ജലപ്രവാഹം ഗണ്യമായി കുറഞ്ഞു ശുദ്ധജല തടാകമെന്നു പറയാൻപോലും കഴിയാത്ത അവസ്ഥയിലാണ് ഇന്ന് വെള്ളായണി കായൽ.

വെള്ളായണി കായൽ ശുദ്ധജല തടാകമായി സംരക്ഷിക്കുന്നതിന് ഫലപ്രദമായ ഒരു നടപടിയും നിലവിലില്ല എന്നും കായലിലെ ജലവിതാനം താഴ്ന്ന നിൽക്കുന്നതിനെ സംബന്ധിച്ചും മാലിന്യം കായലിലെത്തിച്ചേരാൻ ഇടയാക്കുന്ന മാലിന്യ ഉറവിടങ്ങളെ സംബന്ധിച്ചും കായൽ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയെ സംബന്ധിച്ചും സമിതിക്ക് ലഭിച്ച നിവേദനങ്ങൾ സമിതി ഗൗരവമായി പരിശോധിക്കുകയും കായൽ സംരക്ഷണം അതീവപ്രാധാന്യമുള്ള ഒന്നായി സമിതി കാണുകയുംചെയ്തു. കായൽ സംരക്ഷണം സംബന്ധിച്ച് വിശദമായ ഒരു പഠനം അനിവാര്യമാണെന്ന് സമിതി വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സർക്കാർ വകുപ്പ് അദ്ധ്യക്ഷന്മാർ, ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, പരിസരവാസികൾ, മറ്റ് പരിസ്ഥിതി വിദഗ്ധർ എന്നിവരുമായി സമിതി ചർച്ച നടത്തുകയും കായൽപ്രദേശം സന്ദർശിക്കുകയും ചെയ്ത് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2018 മാർച്ച് 27-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 മാർച്ച് 27.

## റിപ്പോർട്ട്

തിരുവിതാംകൂർ ഭരണാധികാരികളുടെ കാലത്ത് വിനോദസഞ്ചാര കേന്ദ്രമായിരുന്ന വെള്ളായണി കായൽപ്രദേശം തിരുവനന്തപുരം നഗരത്തിന് തെക്കുകിഴക്കായി സ്ഥിതിചെയ്യുന്നു. കായലിന്റെ പടിഞ്ഞാറു ഭാഗത്തുള്ള കാർഷിക കോളേജ് ഓഫീസ് കെട്ടിടം ഒരു കാലത്ത് തിരുവിതാംകൂർ ഭരണാധികാരികളുടെ 'കോയിക്കമൂല കൊട്ടാരം' ആയിരുന്നു. കേരളത്തിന്റെ പ്രകൃതി സമ്പത്തിൽ അമൂല്യമായ സ്ഥാനമാണ് വെള്ളായണി കായലിനുള്ളത്. ഭൂഗർഭജലവിതാനം നിലനിർത്തുകയും ചുറ്റുപാടുമുള്ള കിണറുകളിലെയും കുളങ്ങളിലെയും വെള്ളം വറ്റിപ്പോകാതെ സംരക്ഷിക്കുകയും ചെയ്തിരുന്ന വെള്ളായണി കായൽ ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. കൃഷിക്കും ശുദ്ധജലവിതരണത്തിനും ഇന്നും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സായി വെള്ളായണി കായൽ വർത്തിക്കുന്നു. ഇന്ന് ഈ കായലിന്റെ ചിലഭാഗങ്ങൾ വ്യക്തികൾ, പ്രസ്ഥാനങ്ങൾ എന്നിവരുടെ കൈവശമാണ്.

1952-53 കാലഘട്ടത്തിൽ ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കാനുള്ള സർക്കാർ നയത്തിന്റെ ഭാഗമായി കായൽ റിക്ലമേഷൻ പദ്ധതിയിൽപ്പെടുത്തി വ്യക്തികൾക്ക് വെള്ളായണി കായൽ പാട്ടത്തിനു കൊടുക്കുകയും വെള്ളം വറ്റിച്ച് കായലിൽ നെൽകൃഷി ആരംഭിക്കുകയും ചെയ്തു. യന്ത്രസഹായത്തോടെ ആഴ്ചകളോളം വെള്ളം പമ്പ് ചെയ്ത് ബണ്ടുകെട്ടി നിലമൊരുക്കി ഞാറുപറിച്ചുനടാതെയുള്ള പുഞ്ചകൃഷിയിലൂടെ വലിയ വിളവ് ലഭിച്ചിരുന്നു. പിന്നീട് ഗുണമേന്മയില്ലാത്ത വിത്തുകൾ വന്നതോടെ ക്രമേണ പച്ചക്കറി കൃഷിയും വാഴകൃഷിയും കപ്പകൃഷിയും അടക്കമുള്ളവ ചെയ്തു വന്നു. വാർഷിക കൃഷികൾ വ്യാപകമായതോടെ മണ്ണിട്ടുനികത്തലും വ്യാപകമായി. 1991 വരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക കോളേജും നെൽകൃഷി അവസാനിപ്പിച്ചു

ഏകദേശം 75 ച.കി.മീറ്റർ വിസ്തൃതിയുള്ള ഈ നീർത്തടത്തിൽ തിങ്ങിപ്പാർക്കുന്ന ജനങ്ങളുടെ കുടിനീർ സ്രോതസ്സിന്റെ വറ്റാത്ത ഉറവയായി ഈ തടാകം വിശേഷിപ്പിക്കപ്പെട്ടിരുന്നു. ലോകാരോഗ്യ സംഘടനയുടെ (WHO) മാനദണ്ഡമനുസരിച്ച് കുടിനീരായി ഉപയോഗിക്കാവുന്ന ജലമാണ് ഈ കായലിലുള്ളത്. എന്നാൽ നഗരവൽക്കരണംകൊണ്ടും മാലിന്യ വസ്തുക്കളും വിസർജ്ജ്യവസ്തുക്കളും നിക്ഷേപിക്കുന്നതിനാലും ചെറുകിട കൃഷിക്കാർ രാസവളങ്ങൾ, കീടനാശിനികൾ എന്നിവ അനിയന്ത്രിതമായ തോതിൽ ഉപയോഗിക്കുന്നതിനാലും കായൽജലത്തിലെ ചില ഘടകങ്ങൾ അനുവദനീയമായതിലും കൂടുതലായിട്ടുണ്ട്. മണ്ണൊലിപ്പും ചെളിനിക്ഷേപവുംമൂലം കായലിന്റെ ശുദ്ധജല ധർമ്മങ്ങൾ കുറഞ്ഞു വരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു.

വെള്ളായണി കായൽ തണ്ണീർത്തടങ്ങളിലെ ആവാസ വ്യവസ്ഥയുടെ തകർച്ച അടിസ്ഥാനപരമായി ബാധിക്കുന്നത് സസ്യ ജന്തു ജാലങ്ങളുടെ നിലനിൽപ്പിനെയാണ്.

36 ഇനം മത്സ്യങ്ങൾ ഈ കായലിൽ കാണുന്നു. പക്ഷി സമൂഹത്തിന്റെ കാര്യത്തിലും ഈ തണ്ണീർത്തടം സമ്പന്നമാണ്. വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന ചേരക്കോഴി, മയിൽകോഴി, നീർകാക്ക, ചൂളൻ ഇരണ്ട, പച്ച ഇരണ്ട, കുളക്കോഴി, കൊക്ക്, കാട്ടുതാറാവ്, പവിഴക്കാലി, മണൽക്കോഴി തുടങ്ങി ധാരാളം പക്ഷികളുടെ ആവാസ കേന്ദ്രവും ദേശാടനപക്ഷികളുടെ വാസസ്ഥലവുമാണ് വെള്ളായണി കായൽ പ്രദേശം. ഇതിൽ കരയെ ആശ്രയിച്ച് ജീവിക്കുന്ന പക്ഷികളും ഭക്ഷണത്തിനായി ജലത്തെ ആശ്രയിക്കുന്നവയും ഉണ്ട്. മേൽപ്പറഞ്ഞ ജീവികളുടെ ആവാസവ്യവസ്ഥകളെ തകർക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇന്ന് അവിടെ നടന്നുകൊണ്ടിരിക്കുന്നത്.

കായൽ എന്ന ആവാസവ്യവസ്ഥ തകരുമ്പോൾ ജലത്തിന്റെ ഗുണമേന്മയിൽ മാറ്റം വരും. മണൽ ഊറ്റൽ, വെള്ളം വറ്റിച്ച് കൃഷി ചെയ്യൽ, രാസവളങ്ങളും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കൽ, മണ്ണൊലിപ്പ്, കായൽ നികത്തൽ തുടങ്ങിയവമൂലം ജലം കൂടുതൽ മലിനമായാൽ കായൽ അതിന്റെ ധർമ്മം നിർവ്വഹിക്കാത്ത അവസ്ഥ വരും. കായൽ ശുദ്ധജലതടാകമല്ലാത്ത അവസ്ഥയുണ്ടായാൽ തിരുവനന്തപുരം ജില്ല മുഴുവൻ പാരിസ്ഥിതിക പ്രശ്നം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

കേരളത്തിലെ മൂന്നു പ്രധാന ശുദ്ധജല തടാകങ്ങളിലൊന്നായ വെള്ളായണി കായൽ തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ-വെങ്ങാനൂർ ഗ്രാമ പഞ്ചായത്തുകളിലായാണ് സ്ഥിതി ചെയ്യുന്നത്. വെള്ളായണി ശുദ്ധജല തടാകത്തിന്റെ വിസ്തൃതി സെറ്റിൽമെന്റ് റെക്കോഡ് പ്രകാരം 432 ഏക്കർ 89 സെന്റ് ആയിരുന്നു. എന്നാൽ വെള്ളായണി കായൽ സർവെ ചെയ്തതിൽ 19 ഏക്കർ ഭൂമി കൈയേറ്റമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ കൈയേറ്റത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതും അനിവാര്യമാണ്. വെള്ളായണി കായലിലെ കുടിവെള്ള പദ്ധതികൾ അശാസ്ത്രീയമായ രീതിയിലാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു.

അനധികൃത കൈയേറ്റങ്ങൾ ഒഴിവാക്കുക, കായലിന്റെ 50 മീറ്റർ ചുറ്റളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കാതിരിക്കണമെന്നും, മാലിന്യക്കുഴലുകളിലൂടെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും മാലിന്യങ്ങൾ തടാകത്തിലേക്ക് ഒഴുകിയെത്തുന്നത് തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും തടാകത്തിലേക്ക് സ്ഥാപിച്ചിട്ടുള്ള മാലിന്യക്കുഴലുകൾ നീക്കം ചെയ്യണമെന്നും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കി ആറുമാസത്തിനകം ഈ പ്രദേശത്തെ ജൈവ വൈവിധ്യ പൈതൃക പ്രദേശമായി പ്രഖ്യാപിക്കാൻ കഴിയണമെന്നും സമിതി ആഗ്രഹിക്കുന്നു.

കായൽ സംരക്ഷണം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി, കായൽ അതിരിൽ നിന്നും 50 മീറ്റർ മാറിയേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്ന് കല്ലിയൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത

വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കു മാത്രമാണ് പഞ്ചായത്തിൽനിന്നും അനുമതി നൽകുന്നത്. പഞ്ചായത്ത് നിബന്ധന മറികടക്കുന്നതിനായി നിലവിലുള്ള കെട്ടിടങ്ങൾ പുതുക്കിപ്പണിയുക തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിക്കുന്ന പ്രവണത കണ്ടുവരുന്നത് ആശാസ്യമല്ല. ഇവയ്ക്കെതിരെ സാധ്യമായ നിയമ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്നുണ്ടെങ്കിലും കായലിന്റെ അരികിൽ നിന്നും 50 മീറ്റർ മാറിയേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്ന കല്ലിയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം കോടതിയിലും മറ്റും ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യം നിലവിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

വെള്ളായണി കായലുമായി ബന്ധപ്പെട്ട വിനോദ സഞ്ചാരത്തിന്റെ സാധ്യത മുന്നിൽക്കണ്ട് മൂലധന നിക്ഷേപം നടത്താൻ കഴിവുള്ള വ്യക്തികളും സ്ഥാപനങ്ങളും കായലിന്റെ പരിസര പ്രദേശങ്ങളിൽ വസ്തുവകകൾ സ്വന്തമാക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. കായൽ പ്രദേശത്ത് അനധികൃത കൈയേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആ വിവരം റവന്യൂവകുപ്പിനെ അറിയിക്കുന്നതിനുള്ള നടപടി ജലവിഭവവകുപ്പ് സ്വീകരിക്കണമെന്നും അനധികൃത കൈയേറ്റക്കാരെ ഒഴിപ്പിക്കാനുള്ള നടപടി റവന്യൂവകുപ്പ് സ്വീകരിക്കണമെന്നും സമിതി യോഗത്തിൽ നിർദ്ദേശിച്ചു. കൂടാതെ വെള്ളായണി കായൽ പ്രദേശത്തുള്ള സ്വകാര്യ ഭൂമി സർക്കാർ ഏറ്റെടുക്കുകയും സർക്കാർ ഭൂമി കൈയേറിയവരെ ഒഴിപ്പിക്കുകയും പട്ടയമുള്ള മണ്ണിട്ട് നികത്തിക്കൊണ്ടിരിക്കുന്ന 300 ഏക്കറോളം പുഞ്ചപ്പാടങ്ങൾ ഏതെങ്കിലും പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ഏറ്റെടുക്കുകയും ചെയ്താൽ പ്രസ്തുത പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുമെന്ന് സമിതി വീക്ഷിക്കുന്നു.

താമര, കുളവാഴ തുടങ്ങിയ സസ്യങ്ങൾ വെള്ളായണി കായലിൽ വ്യാപിക്കുന്നത് ജലത്തിന്റെ ഗുണമേന്മയെ സാരമായി ബാധിക്കുന്നതായും ജലം മലിനപ്പെടുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. കായലോര ഭവനങ്ങളിലെ കക്കൂസ് മാലിന്യങ്ങളും കായലിനെ മലീമസമാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. തദ്ദേശവാസികളുടെ കുടിവെള്ള സ്രോതസ്സായ വെള്ളായണി കായൽ സംരക്ഷിക്കുന്നതിന് നിലവിലെ നിയമങ്ങൾ കർശനമാക്കുകയും നിയമങ്ങൾ പുതുതായി നിർമ്മിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു.

വെള്ളായണി കായലിലെ ജലസമ്പത്തിന്റെ ഉറവിടം മഴവെള്ളവും അറുപതോളം തോടുകളിലൂടെ ഒഴുകിയെത്തുന്ന ജലവും ഉറവകളിൽ നിന്നുള്ള ജലവുമായിരുന്നു. എന്നാൽ ഇപ്പോൾ മഴവെള്ളം കായലിൽ എത്തിച്ചേരാത്തതുമൂലം കോടികൾ മുടക്കി സ്ഥാപിച്ച കുടിവെള്ള പദ്ധതികൾ അവതാളത്തിലായതായി സമിതി മനസ്സിലാക്കുന്നു. സർക്കാർ കൃഷി ചെയ്യാതെ നികത്തിക്കൊണ്ടിരിക്കുന്ന മുഴുവൻ പാടശേഖരങ്ങളും

ഏറ്റെടുത്ത് ആഴംകൂട്ടി അതിരുകൾ ബണ്ടിട്ട് ഉയർത്തിയാൽ വലിയ തോതിൽ ജലം സംഭരിക്കുവാൻ സാധിക്കുമെന്നും തന്മൂലം കുടിവെള്ള പ്രശ്നത്തിന് ഒരു വലിയ അളവു വരെ പരിഹാരം കണ്ടെത്താനാകുമെന്നും സമിതി വിലയിരുത്തുന്നു.

വെള്ളായണി കായലിന്റെ പ്രധാന പ്രശ്നങ്ങൾ കായലിൽ വളർന്നുകൊണ്ടിരിക്കുന്ന കളകളും വേനൽ കാലത്ത് കായലിൽ നിന്ന് കോവളത്തേക്കും മറ്റ് ജില്ലകളിലേക്കും വെള്ളം പമ്പുചെയ്യുന്നതും കായലിന്റെ സംഭരണശേഷി കുറയുന്നതും ആണെന്ന് സമിതിയുടെ കായൽ സന്ദർശനവേളയിൽ സമീപവാസികൾ പരാതിപ്പെട്ടു. തടാകത്തിൽ നിന്നും ജലം പമ്പുചെയ്യുന്നത് നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടാക്കുക, തടാകത്തിലെ അനധികൃത മണൽവാരൽ നിയന്ത്രിക്കുക, തടാകത്തിന്റെ ആഴം വർദ്ധിപ്പിക്കുക എന്നിവയും കായൽ സംരക്ഷിക്കാനുള്ള മാർഗ്ഗങ്ങളാണെന്ന് സമിതി വിലയിരുത്തുന്നു.

തടാകത്തിന്റെ സംരക്ഷണത്തിന് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഒരു മോണിറ്ററിംഗ് അതോറിറ്റിയുടെ പ്രവർത്തനം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു.

സാധാരണ വേനൽക്കാലത്ത് വെള്ളായണി കായലിലെ ജലനിരപ്പ് ഏകദേശം 1.50-2.00 മീറ്ററോളം താഴുകയും തുടർന്ന് ഉണ്ടാകുന്ന മഴയിൽ ജലനിരപ്പ് വീണ്ടും കൂടി പഴയ അവസ്ഥയിൽ ആകുകയും ചെയ്യുമായിരുന്നു. എന്നാൽ ഇക്കാലത്ത് പല തോടുകളിലൂടെയും ഒഴുകിയെത്തുന്ന വെള്ളം വെള്ളായണി കായലിൽ ശേഖരിക്കപ്പെടാതെ നേരെ ഒഴുകി കരമനയാറിൽ എത്തുകയാണ് ചെയ്യുന്നത്. കന്നുകാലിച്ചാലിൽ വെള്ളം ഒഴുകാനുള്ള സാഹചര്യം കുറവാണ് എന്നത് കായലിലും സമീപപ്രദേശങ്ങളിലും പാടശേഖരങ്ങളിലും വെള്ളപ്പൊക്കം സൃഷ്ടിക്കുമെന്ന് സമിതി ആശങ്കപ്പെടുന്നു.

<u>ശിപാർശകൾ</u>

1. വെള്ളായണി കന്നുകാലിച്ചാലിലെ കളവാഴ നീക്കാത്തതിനെ തുടർന്ന് മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് വീടുകളിലേക്കും പണ്ടാരക്കരി തുടങ്ങിയ പാടശേഖരങ്ങളിലേക്കും വെള്ളം കയറി നാശനഷ്ടം സംഭവിക്കുന്നത് പതിവായിരിക്കുന്നതിനാൽ വർഷാവർഷം ചാലിലെ കളവാഴയും ചെളിയും യന്ത്ര സഹായത്തോടെ നീക്കം ചെയ്യണമെന്നും കന്നുകാലിച്ചാൽ അവസാനിക്കുന്ന മധുപാലത്തിനടുത്തുള്ള ഷട്ടറുകളും പമ്പ് ഹൗസിലെ പമ്പുകളും ആധുനികവൽക്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. കായൽക്കരയിൽ കൈവശക്കാർ സിമന്റ് ഉപയോഗിച്ച് ഭിത്തി നിർമ്മിക്കരുതെന്ന് സർക്കാർ വിലക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത നിയമങ്ങൾ പാലിക്കാത്തവർ ധാരാളമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കായൽക്കരയുടെ 50 മീറ്റർ ചുറ്റളവിൽ സിമന്റ്, കമ്പി എന്നിവ ഉപയോഗിച്ചുള്ള യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ അനുമതി നൽകരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. വെള്ളായണി ജലാശയത്തിന്റെ 50 മീറ്റർ ചുറ്റളവിലുള്ള കരപ്രദേശത്തിലെ സർക്കാർ ഉടമസ്ഥതയിലും സ്വകാര്യ ഉടമസ്ഥതയിലുമുള്ള ഭൂമിയുടെ കൃത്യമായ രേഖ ഉണ്ടാക്കണമെന്നും നിലവിൽ കായൽ ജലാശയമായി കിടക്കുന്ന സ്ഥലം അളന്നു തിട്ടപ്പെടുത്തി 'വെള്ളായണി ശുദ്ധജലതടാകം' എന്ന് വ്യക്തമായി എഴുതിയ ബോർഡുകൾ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം എല്ലാ ദിക്കിലും സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. കായൽ തീരപ്രദേശത്ത് (മാങ്കിളിക്കരി, കാഞ്ഞിരത്തടി, നിലമേൽക്കരി, പണ്ടാരക്കരി, പുഞ്ചക്കരി തുടങ്ങിയ പ്രദേശങ്ങൾ) ഒരു തരത്തിലുമുള്ള അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തരുതെന്നും കൃഷിയോഗ്യമായ ഭൂമി കൃഷി ചെയ്യുന്നതിന് താൽപ്പര്യമുള്ളവർക്ക് പാട്ടത്തിന് നൽകണമെന്നും കൃഷിക്ക് രാസവള പ്രയോഗം, കീടനാശിനി പ്രയോഗം എന്നിവ നടത്തരുതെന്ന് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. പുതിയതായി ബണ്ടുകളും റോഡുകളും കായലിൽ നിർമ്മിക്കാതിരിക്കണമെന്നും അനധികൃത കൈയേറ്റങ്ങൾ നിയമപരമായി നേരിടണമെന്നും കായലിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ തടവുശിക്ഷ ഉൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കുന്നതിനുള്ള സർക്കാർ നീക്കത്തിന് ആക്കം കൂട്ടണമെന്നും പുഴ മലിനപ്പെടാതിരിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. വെള്ളായണി കായൽ ജലത്തിന്റെ ഗുണനിലവാരം മൂന്നുമാസ ഇടവേളകളിൽ പരിശോധിക്കണമെന്നും പോരായ്മ കണ്ടെത്തി പരിഹാര നടപടികൾ യഥാസമയം സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. ശുദ്ധജല തടാകങ്ങളുടെ 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്നതിനുള്ള കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുവാദം നൽകരുതെന്നും പ്രസ്തുത അകലത്തിനുള്ളിൽ താമസിക്കുന്നവരുണ്ടെങ്കിൽ അവർക്ക് പുനരധിവാസത്തിനുള്ള എല്ലാ സഹായങ്ങളും സർക്കാർ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. ഒരു കാലത്ത് വിനോദസഞ്ചാര കേന്ദ്രമായിരുന്ന വെള്ളായണി കായലിന്റെ വിനോദസഞ്ചാര സാധ്യത മുന്നിൽ കണ്ട് മൂലധന നിക്ഷേപം നടത്താൻ കഴിവുള്ള വ്യക്തികളും സ്ഥാപനങ്ങളും കായലിന്റെ പരിസര പ്രദേശങ്ങളിൽ വസ്തുവകകൾ സ്വന്തമാക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. കായലിൽ നിന്നും 50 മീറ്റർ ചുറ്റളവിലുള്ള

സ്വകാര്യഭൂമി സർക്കാർ ഏറ്റെടുക്കണമെന്നും, പട്ടയമുള്ളതും മണ്ണിട്ടു നികത്തിക്കൊണ്ടിരിക്കുന്നതുമായ പുഞ്ചപ്പാടങ്ങൾ ഏതെങ്കിലും സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. കൃഷി ചെയ്യാതെ നികത്തിക്കൊണ്ടിരിക്കുന്ന മുഴുവൻ പാടശേഖരങ്ങളും സർക്കാർ ഏറ്റെടുത്ത് ഡ്രഡ്ജ് ചെയ്യണമെന്നും അനുയോജ്യമായ മരങ്ങൾ, ഈറ, മുള, കണ്ടൽ കാടുകൾ എന്നിവകൊണ്ട് അതിരുകൾ നിർമ്മിച്ച് കായലിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. കന്നുകാലിച്ചാൽ തോടിൽ വന്നുചേരുന്ന ചെറുതോടുകളും ഇപ്പോൾ മാലിന്യവാഹികളാണെന്ന് സമിതി മനസ്സിലാക്കുന്നു. കായലിനെ മാലിന്യമുക്തമാക്കി സൂക്ഷിക്കുന്നതിനായി വെള്ളായണി കായൽ കന്നുകാലിച്ചാലുമായി ചേരുന്ന ഭാഗത്ത് ഒരു റഗുലേറ്റർ സ്ഥാപിച്ച് മാലിന്യം കായലിലേക്ക് കടക്കാതെ സംരക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. കായലിനു ചുറ്റും കൃഷി ചെയ്യുവാൻ കഴിയാതെ വെള്ളത്താൽ മൂടിക്കിടക്കുന്ന പട്ടയഭൂമി കൃഷിക്കാരിൽ നിന്നും ന്യായവില നൽകി ഏറ്റെടുത്ത് റിസർവോയറിന്റെ ഭാഗമായി നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. നിലവിലുള്ള പമ്പ് ഹൗസുകൾ നവീകരിക്കുകയും അവിടത്തെ യന്ത്രോപകരണങ്ങൾ 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കി നിലനിർത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. വെള്ളായണി കായലിന്റെ സമീപ പ്രദേശങ്ങളിലെ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും കായലിലേക്ക് ഒഴുക്കിവിടുന്ന മാലിന്യങ്ങൾമൂലവും താമര, കുളവാഴ തുടങ്ങിയ സസ്യങ്ങൾ വെള്ളായണി കായലിൽ വ്യാപിക്കുന്നതുമൂലവും കായലിലെ ജലം മലിനീകരിക്കപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വെള്ളായണി കായലിലെ മാലിന്യം നീക്കം ചെയ്യുന്നതിന് സത്വരനടപടി സ്വീകരിക്കുകയും ഈ പ്രദേശത്തെ ജൈവ വൈവിധ്യ പൈതൃക കേന്ദ്രമാക്കി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. വേനൽക്കാലത്ത് കായലിൽനിന്ന് കോവളത്തേക്കും മറ്റ് വിദൂര സ്ഥലങ്ങളിലേക്കും വെള്ളം പമ്പ് ചെയ്യുന്നതുമൂലം കായലിലെ ജലവിതാനം താഴുകയും സമീപവാസികൾക്ക് ജലദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. തടാകത്തിൽ നിന്നും ജലം പമ്പ് ചെയ്യുന്നത് നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടാകണമെന്നും വിദൂര സ്ഥലങ്ങളിലേക്ക് ജലം ലഭിക്കുന്നതിന് മറ്റ് ജല സ്രോതസ്സുകളെ ആശ്രയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. തടാകത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജലവിഭവം, തദ്ദേശസ്വയംഭരണം, കൃഷി, മത്സ്യബന്ധനം, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ ജില്ലാ മേധാവികളും തടാകം സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികളും സന്നദ്ധ സംഘടനാ പ്രതിനിധികളും പരിസരവാസികളും അടങ്ങുന്ന ഒരു മോണിറ്ററിംഗ് അതോറിറ്റി ഉണ്ടാക്കണമെന്നും വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും തടാക സംരക്ഷണം നടത്തുന്നതിനുമുള്ള പ്രത്യേക അധികാരം അതോറിറ്റിക്കുണ്ടായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. കായൽജലം മലിനപ്പെടാതിരിക്കുന്നതിനാവശ്യമായ ബോർഡുകൾ, ഡസ്റ്റ് ബിന്നുകൾ തുടങ്ങിയവ ആവശ്യമായ ഇടങ്ങളിൽ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. മേൽപ്പറഞ്ഞ ശിപാർശകൾ നടപ്പാക്കുന്നതിനാവശ്യമായ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്നും ഈ തലമുറയ്ക്ക് മാത്രമല്ല വരും തലമുറകൾക്കും അവകാശപ്പെട്ട ഈ ശുദ്ധജലതടാകം സംരക്ഷിക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും അവലംബിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മുല്ലക്കര രത്നാകരൻ,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 മാർച്ച് 27.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.